GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

FARM INFORMATION BUREAU

Kowdiar, Thiruvananthapuram - 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 - 2318186, 2317314

Editor Farm News - Dr. Amritha V.S

# എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 08/09/2026

1. കേരള കാർഷിക സർവകലാശാലയുടെ വെള്ളാനിക്കരയിലെ കോളേജ് ഓഫ് കോ-ഓപ്പറേഷൻ. ബാങ്കിംഗ് & മാനേജ്മെന്റിൽ നടത്തുന്ന MBA in Agri Business Management (MBA-ABM) 2026 ബാച്ചിലേക്കുള്ള സ്പോട്ട് അഡ്മിഷൻ സെപ്റ്റംബർ 9 ബുധനാഴ്ച രാവിലെ 10 മണി മുതൽ ഡയറക്ടറേറ്റ് ഓഫ് എഡ്യൂക്കേഷൻ, പഴയ ഹെഡ്ക്വാർട്ടേഴ്സ് ബിൽഡിംഗ്, വെള്ളാനിക്കരയിൽ നടത്തുന്നു. അഗ്രി ബിസിനസ് മേഖലയിലെ മാനേജീരിയൽ കഴിവുകളും പ്രായോഗിക അറിവും വികസിപ്പിക്കുന്നതാണ് പ്രോഗ്രാമിന്റെ ലക്ഷ്യം. ICAR സംവിധാനത്തിന് കീഴിലുള്ള കാർഷിക സർവകലാശാലകളിൽ നിന്നുള്ള പ്രൊഫഷണൽ ബിരുദധാരികൾക്ക്

7.0/10.0 OGPA (SC/ST വിഭാഗങ്ങൾക്ക് 6.5) ആവശ്യമാണ്. AICTE/ICAR/AIU/UGC അംഗീകൃത സർവകലാശാലകളിൽ നിന്നുള്ള പ്രൊഫഷണൽ ബിരുദധാരികൾക്ക് SSLC മുതൽ 60% മാർക്ക് (SC/ST വിഭാഗങ്ങൾക്ക് 55%) ഉണ്ടായിരിക്കണം. യോഗ്യതാ പരിശോധന, വ്യക്തിഗത അഭിമുഖം, ഗ്രൂപ്പ് ചർച്ച എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കും അഡ്മിഷൻ. കൂടുതൽ വിവരങ്ങൾക്ക് www.kau.in വെബ് സൈറ്റ് വഴിയോ 9547800403, 9074454273 എന്നീ ഫോൺ നമ്പറുകളിലോ ബന്ധപ്പെടുക.

2. കേരള കാർഷിക സർവ്വകലാശാലയുടെ വിജ്ഞാന വ്യാപന വിഭാഗത്തിന് കീഴിലുള്ള കമ്മ്യൂണിക്കേഷന് സെന്ററിൽ വെച്ച് 'കൂൺ കൃഷി' എന്ന വിഷയത്തിൽ സെപ്റ്റംബർ 10 ന് പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി ദിവസങ്ങളിൽ ഓഫീസ് സമയത്ത് 8547070773, 0487 2370773 എന്നീ ഫോൺ നമ്പറുകളിൽ സെപ്റ്റംബർ 09 ന് മുമ്പായി ബന്ധപ്പെടുക.

3. കേരള കാർഷിക സർവ്വകലാശാലയുടെ ഇ-പഠന കേന്ദ്രം നടത്തിവരുന്ന **"തേനീച്ച വളർത്തൽ"** എന്ന വിഷയത്തിലെ സൗജന്യ ഓൺലൈൻ കോഴ്സിന്റെ പുതിയ ബാച്ച് **2026 സെപ്റ്റംബർ 23** ന് ആരംഭിക്കുന്നു. കേരള കാർഷിക സർവ്വകലാശാല ശാസ്ത്രജ്ഞർ കൈകാര്യം ചെയ്യുന്ന ഈ

കോഴ്സിൽ പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവർക്ക് https://celkau.in/elearning/reg.php എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് ഈ പരിശീലന കോഴ്സിൽ രജിസ്റ്റർ ചെയ്യാം. ഒക്ടോബർ 2 ന് ശേഷം പുതിയ രജിസ്ട്രേഷനുകൾ സ്വീകരിക്കുന്നതല്ല. 20 ദിവസം ദൈർഘ്യമുള്ള കോഴ്സ് പൂർണ്ണമായും മലയാളത്തിലാണ് പരിശീലിപ്പിക്കുന്നത്. ഇതിനായി കമ്പ്യൂട്ടറോ മൊബൈൽ ഫോണോ (സ്മാർട്ട് ഫോൺ) ഉപയോഗിക്കാം. ഫൈനൽ പരീക്ഷ പാസ്സാവുന്ന പഠിതാക്കൾക്ക് ആവശ്യമെങ്കിൽ സർട്ടിഫിക്കറ്റും നൽകുന്നതാണ്. സർട്ടിഫിക്കറ്റിന് നിശ്ചിത ഫീസ് ഈടാക്കുന്നതാണ്. രജിസ്റ്റർ ചെയ്തവർക്ക് **സെപ്റ്റംബർ** 23 മുതൽ യൂസർ ഐ ഡി യും പാസ്സ്‌വേർഡും ഉപയോഗിച്ച് ക്ലാസ്സുകളിൽ പങ്കെടുക്കാം. കൂടുതൽ വിവരങ്ങൾക്ക് 0487-2438566 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

4. ക്ഷീരവികസന വകുപ്പിന് കീഴിലുള്ള പത്തനംതിട്ട ജില്ലയിലെ അടൂർ അമ്മകണ്ടകരയിൽ പ്രവർത്തിക്കുന്ന ക്ഷീരസംരംഭകത്വ വികസന കേന്ദ്രത്തിൽ ക്ഷീരകർഷകർക്കായി **"സുരക്ഷിതമായ പാലുൽപ്പാദന പരിശീലനം"** എന്ന വിഷയത്തെ ആസ്പദമാക്കി സെപ്റ്റംബർ 10 മുതൽ 11 വരെ രണ്ട് ദിവസത്തെ കർഷക ട്രെയിനിംഗ് നടത്തുന്നു. താൽപര്യമുള്ള ക്ഷീരകർഷകർക്ക് 8089151789, 9447305100, 9496332048, 04734299869,

8304948553 എന്നീ നമ്പറുകളിൽ വിളിക്കുകയോ വാട്ട്സ്അപ്പ് ചെയ്തോ ട്രെയിനിംഗിൽ പങ്കെടുക്കുന്നതിനായി രജിസ്റ്റർ ചെയ്യാവുന്നതാണ്.

5. തെങ്ങിലെ കുമ്പുചീയൽ നിയന്ത്രണത്തിന് ഉപയോഗിക്കാവുന്ന ട്രൈക്കോ ഡെർമ കൊയർപിത്ത് കേക്കുകൾ (Trichoderma coirpith cake) കണ്ണൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ വിൽപ്പനയ്ക്ക് തയ്യാറായിട്ടുണ്ട് . **വില : 5 രൂപ / ഒരു ട്രൈക്കോ കേക്ക്.** ആവശ്യമുള്ള സ്റ്റേഷനുകൾ 8547675124 നമ്പറിൽ ബന്ധപ്പെടുക . പാർസൽ ആയും എത്തിച്ച് തരുന്നതാണ്.

6. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ തൃശ്ശൂർ വെള്ളാനിക്കര ക്യാമ്പസിലെ കോളേജ് ഓഫ് കോ-ഓപ്പറേഷൻ, ബാങ്കിംഗ് & മാനേജ്മെന്റിൽ നടത്തിവരുന്ന എം.ബി.എ (എ.ബി.എം) പ്രോഗ്രാമിലെ 2026-27 അധ്യയന വർഷത്തെ ഒഴിവുള്ള സീറ്റുകളിലേക്ക് സെപ്റ്റംബർ 09 ന് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. വിശദവിവരങ്ങൾക്ക് കേരള കാർഷിക സർവകലാശാലയുടെ www.admissions.kau.in വെബ്സൈറ്റ് സന്ദർശിക്കുകയോ 0487 2438139 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുകയോ ചെയ്യാവുന്നതാണ്.